# AMRITA VIDYALAYAM

## ANNUAL EXAMINATION 2018 - '19

**Class : VIII** **Marks : 80**
**Time : 2½ hrs**

# മലയാളം

GENERAL INSTRUCTIONS:
This question paper is divided into four sections.
Section A: Reading comprehension - 10 Marks.
Section B: Writing - 16 Marks.
Section C: Grammar - 17 Marks.
Section D: Literature - 37 Marks.

## എ. വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** 10

എന്താണ് നാം നിത്യവും വായിക്കേണ്ടത് എന്നു തീരുമാനിക്കേണ്ടത് നാം തന്നെയാണ്. നമ്മുടെ അഭിരുചി, വാസന എന്നിവയെ പുഷ്ടിപ്പെടുത്തുന്നതിനും സമഗ്രമാക്കുന്നതിനും വേണ്ടിയാണ് വായന. ജീവിതത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ശരിയായ അറിവ് നമുക്കുണ്ടാകുന്നതിന് സഹായകമാകേണ്ട ഗ്രന്ഥങ്ങൾ പ്രായത്തിനൊത്ത് തെരഞ്ഞെടുത്തു വായിക്കണം. ജീവചരിത്രം, സഞ്ചാരസാഹിത്യം എന്നിവ വായിക്കുന്നത് നമ്മുടെ വ്യക്തിത്വവികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോരുത്തരും വിജ്ഞാനശീലമുള്ളവരാകാൻ വായന ആവശ്യമാണ്. അതു വളർത്തുകയാണ് നമ്മുടെ കർത്തവ്യം. സൗന്ദര്യബോധം ഉണർത്തുന്നതിനും ആധ്യാത്മിക വികാസത്തെ സഹായിക്കുന്നതിനും പറ്റിയ പുസ്തകങ്ങൾ

വായിക്കുന്നത് ഒരു ശീലമാക്കണം. മനസ്സിന് ഉത്സാഹവും ഉന്മേഷവും നൽകുന്ന ഗ്രന്ഥങ്ങൾ വായിക്കാൻ നാം ഒരിക്കലും വിട്ടുപോകരുത്.

1. വായനയ്ക്കുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടത് ഏതിന്റെയെല്ലാം അടിസ്ഥാനത്തിലാണ്?
2. എങ്ങനെയുള്ള ഗ്രന്ഥങ്ങൾ വായിക്കാൻ വിട്ടുപോകരുത്?
3. വായനശീലം വളർത്തേണ്ടതിന്റെ ആവശ്യമെന്ത്?
4. ഏതു തരം ഗ്രന്ഥങ്ങൾ വായിക്കാനാണ് നാം ശീലമാക്കേണ്ടത്?
5. ഏതു തരം പുസ്തകങ്ങളാണ് വ്യക്തിത്വവികസനത്തെ സഹായിക്കുന്നത്?

## ബി. വിഭാഗം

**II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. 8**

1. റോഡപകടങ്ങളും പരിഹാരമാർഗങ്ങളും
2. മതസൗഹാർദ്ദം
3. വിദ്യാർത്ഥികളും മാധ്യമങ്ങളും

**III.** വിദ്യാലയ പരിസരത്തുള്ള കടകളിൽ മയക്കുമരുന്നു വിൽപ്പന നടത്തുന്നത് തടയണമെന്നാവശ്യപ്പെട്ട് സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു കത്തു തയ്യാറാക്കുക. **8**

## സി. വിഭാഗം

**IV. പ്രയോഗം മാറ്റുക. 2**

1. റെയിൽവേസ്റ്റേഷൻ വരെ അപ്പു അച്ഛനെ അനുഗമിച്ചു.
2. മുടിയേറ്റിലെ കോയിമ്പടാർ നേരമ്പോക്ക് പറഞ്ഞ് കാണികളെ രസിപ്പിക്കുന്നു.

**V. അംഗവാക്യം, അംഗിവാക്യം വേർതിരിച്ചെഴുതുക.1**

പാന്ഥരുടെയും വാഹനങ്ങളുടെയും ഇടയിൽക്കൂടി പപ്പുവിന്റെ റിക്ഷ മിന്നൽവേഗത്തിൽ പോകുന്നുണ്ട്.

**VI. അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കുക.** **1**

വേദകാലത്ത് സമൂഹത്തിൽ സ്ത്രീ സംപൂജ്യയായിരുന്നു.

**VII. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. കാട്ടാളകൃതി 2. പ്രകൃത്യംബ

**VIII. വിഗ്രഹിച്ച് സമാസം കണ്ടെത്തുക.** **2**

1. ദീനവിലാപം 2. കോപാകുല

**IX. പര്യായപദങ്ങളെഴുതുക.** **2**

1. യാത്രക്കാരൻ 2. ഭൂമി

**X. നാനാർഥം കണ്ടെത്തുക.** **2**

1. കരി 2. അംബരം

**XI. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **1**

പപ്പു പ്രതിബന്ധങ്ങളെയും തടസ്സങ്ങളെയും ഭയപ്പെടാത്തവനാണ്.

**ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.**

**XII. അർഥം.** **1**

1. സുധ (അമൃത്, മകൾ, ദയ)
2. പ്രതീതി (മിന്നൽ, തോന്നൽ, മാറ്റം)

**XIII. വിപരീതപദമേത്?** **1**

1. സംഗ്രഹം (വിബുലം, വിപുലം, വിഗ്രഹം)
2. സ്തുതി (ഭക്തി, അസ്തുതി, നിന്ദ)

**XIV. അർഥവ്യത്യാസമെഴുതുക.** **1**

1. വാദം – വാതം (കാറ്റ്, വേഗം, തർക്കം, വഴി)
2. ആഘാതം – അഗാധം (ആകാശം, ആഴം, ആഹ്ലാദം, അടി)

**XV. എതിർലിംഗം എഴുതുക.** **1**

1. കവി (കവയത്രി, കവിയത്രി, കവയിത്രി)
2. സഹകാരിണി (സഹകാര, സഹകാരി, സഹകാരിനി)

## ഡി. വിഭാഗം

**XVI. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** **2½**

1. 'കിരാതം' – ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
   (ജീവചരിത്രം, തുള്ളൽ, ആട്ടക്കഥ)
2. 'ഒരിക്കലും പിരിയാത്ത കൂട്ടുകാരൻ' – എന്ന് പറയുന്നത് ആരെ?
   (വൃക്ഷം, സൂര്യൻ, മണ്ണ്)
3. തിലകമായി മാറിയതെന്ത്?
   (നിടിലത്തിരുമിഴി, അസ്ഥികൾ, ജടമുടി)
4. 'അമ്പലമണി' – ആരുടെ കൃതിയാണ്?
   (കുഞ്ചൻ നമ്പ്യാർ, സെഡ്. എം. മുഴൂർ, സുഗതകുമാരി)
5. ഏത് തെറ്റിനും മാപ്പു നൽകുന്ന കോടതി ഏത്?
   (സ്നേഹം, അമ്മ, ഭൂമി)

**XVII.** 1. ആദ്യത്തെ പ്രാമാണിക നിയമസംഹിത ഏത്? **2½**
   (തൈത്തരീയം, രാമായണം, മനുസ്മൃതി)
2. 'ഓടയിൽ നിന്ന്' – എന്ന കൃതി ആരുടെ?
   (തകഴി, പി. കേശവദേവ്, എം.ടി. വാസുദേവൻ നായർ)
3. ആരെ സ്തുതിച്ച് പാടിയാണ് മുടിയേറ്റ് അവസാനിപ്പിക്കുന്നത്?
   (വിഷ്ണുവിനെ, കാളിയെ, ശിവനെ)
4. ഒ.എൻ.വി. അച്ഛന്റെ വിയോഗത്തെക്കുറിച്ച് എഴുതിയ കവിത ഏത്?
   (അമ്മ, ദിനാന്തം, അമ്പലമണി)
5. ഏത് ദേവനിൽനിന്ന് വരം വാങ്ങിയ അസുരനാണ് ദാരികൻ?
   (ബ്രഹ്മാവ്, വിഷ്ണു, ശിവൻ)

**XVIII. ഉത്തരം എഴുതുക.** **16**

1. ശിവൻ കാട്ടാളാകൃതി കൈക്കൊണ്ടതെങ്ങനെ?

2. മാതാവായ ഭൂമിയെ മരം എങ്ങനെയെല്ലാമാണ് സംരക്ഷിക്കുന്നത്?
3. 'അമ്മ' എന്ന പദത്തിന്റെ മഹത്ത്വം എന്ത്?
4. പദ്യം പൂരിപ്പിക്കുക:
"കാറ്റിന്മകനുടെ ........................ വേഷമെടുക്ക"

**XIX.** 1. "ഒരു മാണിക്യക്കല്ലുപോലെ ഞാൻ മനസ്സിൽ സൂക്ഷിക്കുന്ന ഒരനുഭവം" – ഇവിടെ 'ഞാൻ' ആര്? ആ അനുഭവം എന്ത്? **16**
2. 'അന്നാദ്യമായി അയാൾക്ക് ഒരു 'നാളെ' ഉണ്ടായി. ആർക്ക്? അങ്ങനെ പറയാൻ കാരണമെന്ത്?
3. മുടിയേറ്റ് എന്ന കലാരൂപത്തിന്റെ പ്രാധാന്യം എന്ത്?
4. "ആഹ്ലാദദീപ്തമായ എന്റെ ബാല്യത്തിന്മേൽ പിതൃ മരണമേല്പിച്ച ആഘാതം കനത്തതായിരുന്നു." ഒ.എൻ.വി. ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണങ്ങളെന്തെല്ലാം?